5. ആലപ്പുഴ ജില്ലയിലെ ഡി.വി.സി. യൂണിറ്റ് ബയോളജിസ്റ്റിന്റെ നേതൃത്വത്തിൽ ഡെങ്കിപ്പനി ഉണ്ടായ സ്ഥലങ്ങളിൽ ഫോഗിംഗും സ്പ്രേയിംഗും ദ്രുതഗതിയിൽ നടത്തിവരുന്നു.

6. സേഫ് കേരളയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലവും വർക്ക് ഏരിയയും ഇൻസ്പെക്ഷൻ നടത്തുകയും മലേറിയ, ഫൈലേറിയ തുടങ്ങിയ രോഗങ്ങൾ ഉണ്ടോ എന്ന് അറിയുന്നതിന് ഇവരുടെ രക്ത സാമ്പിളുകൾ പരിശോധനയ്ക്ക് എടുത്തു. കൂടാതെ മറ്റ് രോഗങ്ങൾ ഉണ്ടോ എന്ന് മെഡിക്കൽ ടീം പരിശോധന നടത്തുന്നുണ്ട്.

7. ആലപ്പുഴ ജില്ലയിലെ എല്ലാ എം.എൽ.എ. മാരുടേയും താലൂക്കുകളിൽ, എം.എൽ.എ. മാരെ ഉൾപ്പെടുത്തി മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മീറ്റിംഗുകൾ കൂടുകയും പ്രതിരോധ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

8. ആലപ്പുഴ ജില്ലയിലെ എല്ലാ സ്കൂളുകളിലും മഴക്കാലപൂർവ്വ രോഗ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നു.

9. സേഫ് കേരളയുടെ ഭാഗമായി വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് കൊതുക് വളരുന്ന സാഹചര്യം കണ്ടാൽ നോട്ടീസ് നൽകുകയും കേസ് ഫയൽ ചെയ്യുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

അമിതതുക ഈടാക്കുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ നടപടി

44 (3475) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ അടിയന്തര ചികിത്സയ്ക്കായി എത്തുന്ന രോഗികളെ അനാവശ്യ ടെസ്റ്റുകളും മറ്റും നടത്തി അധിക തുക ഈടാക്കി കഷ്ടപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിൽനിന്നും കൊടുക്കുന്ന മരുന്നിനും മറ്റും പലതരത്തിലുള്ള അമിത തുക ഈടാക്കി രോഗികളെ കഷ്ടപ്പെടുത്തുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ ആശുപത്രികളിലെ ഉണ നിലവാരം മനസ്സിലാക്കി ഗ്രേഡിംഗ് നടത്തി ഇവിടെ ഓരോ ചികിത്സ ചെലവിനും നിശ്ചിത തുക കണക്കാക്കി രോഗികളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി "കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ" എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെമേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതാണ്.

മുനമ്പം സർക്കാർ ആശുപത്രി

45 (3476) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :.

(എ) ഈ സർക്കാർ മുനമ്പം സർക്കാർ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് എത്ര വർഷത്തെ കാലപ്പഴക്കം ഉണ്ട് ;

(സി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സക്ക് സൗകര്യം ഉണ്ടോ ; ഇതിന് പര്യാപ്തമാകുംവിധം ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly